പുസ്തകം ൨ ൧൦൬൮ മേടം ലക്കം ൮

മലങ്കര
ഇടവകപത്രിക

———◇———

☞ നോട്ടീസ്സ

൧൦ം കഴിഞ്ഞ അസോസിയെഷ്യൻ കമ്മട്ടിയുടെ യോഗത്തിൽ കാനോൻ പ്രകാരം തടസ്സമുള്ള സംബന്ധികൾ തമ്മിൽ വിവാഹങ്ങൾ നടന്നുവരുന്നതായി ചില ശ്രവണാദികളാൽ കമ്മട്ടിക്കു അറിവു കിട്ടിയതു മൂലം ൧൦൬൫-ാമാണ്ടു കന്നിമാസം ൧൦-ാം തീയതിയിലെ കമ്മട്ടനിശ്ചയം ൧൫-ാം വകുപ്പിൽ വിവാഹവിരോധമായ സംബന്ധങ്ങളെക്കുറിച്ചു നിശ്ചയിച്ചിട്ടുള്ള ഭാഗം വിവരപ്പെടുത്തി പള്ളിക്കാരെ ഗ്രഹിപ്പിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നതനുസരിച്ചു ഇതിനാൽ എല്ലാവരെയും തെര്യപ്പെടുത്തുന്നതു എന്തെന്നാൽ:—

സഹോദരന്മാരുടെയൊ സഹോദരിമാരുടെയൊ മക്കൾ ഓരൊ താവഴിയിൽ മൂന്നു തലമുറകൾ കഴിഞ്ഞാൽ നാലാം തലമുറയിൽ വിവാഹം ചെയ്യാമെന്നാണ തീർച്ചപ്പെടുത്തിയിരിക്കുന്നതു. ഇതിനെ ദൃഷ്ടാന്തപ്പെടുത്തി പറയുന്നതായാൽ, എ- എന്നൊരു പുരുഷനു ബി- സി- എന്ന രണ്ടു മക്കൾ ഉണ്ടായിരിക്കട്ടെ. ബിയുടെ താവഴിയിൽ ബി- യുടെ മകൻ അല്ലെങ്കിൽ മകൾ ഡിയും ഡിയുടെ മകൻ അല്ലെങ്കിൽ മകൾ ഇ- യും ഇ- യുടെ മകൻ അല്ലെങ്കിൽ മകൾ എഫും സിയുടെ താവഴിൽ സി- യുടെ മകൻ അല്ലെങ്കിൽ മകൾ ജി- യും ജിയുടെ മകൻ അല്ലെങ്കിൽ മകൾ എച്ചും, എച്ചിന്റെ മകൻ അല്ലെങ്കിൽ മകൾ ഐ- യും ഉണ്ടായിരുന്നാൽ ഒരു താവഴിയിലെ എഫും മറ്റെതാവഴിയിലെ ഐ- യും തമ്മിൽ വിവാഹം ചെയ്യാമെന്നാണ കാനോൻ വിധിയുടെയും കമ്മട്ടിനിശ്ചയത്തിന്റെയും താല്പൎയ്യം. അതിനാൽ മേല്പറഞ്ഞതിൽ അടുത്ത സംബന്ധികൾ തമ്മിൽ വിവാഹം ചെയ്കയൊ ചെയ്യിക്കയൊ ചെയ്യുപൊകരുതാത്തതാകുന്നു. ബ- പട്ടക്കാർ ഈ വിവരം പള്ളികളിൽ പ്രസിദ്ധം ചെയ്യേണ്ടതും ആകുന്നു.

എന്നു പ്രസിഡെണ്ടുമെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനപ്രകാരം അസോസിയെഷ്യൻ സിക്രട്ടെറി ഇ- എം- ഫീലിപ്പോസ.

കോട്ടയം ൬൮ൽ മേടം ൨൨ നു

നോട്ടീസ്സ

ഈ അച്ചുകൂട്ടം മാനേജർ ആയിരുന്ന രാ. രാ. പുകടിയിൽ യൊസെഫ ഇട്ടി അവർകൾ അസൊസിയെഷ്യൻ മാനെജിങ്ങ കമ്മട്ടിയുടെ നിശ്ചയപ്രകാരം മാനെജർ വേലയിൽ നിന്ന ഒഴിഞ്ഞിരിക്കുന്നതിനാൽ ഇനി ഒരു നോട്ടീസ്സ ഉണ്ടാകുന്നതുവരെ തല്ക്കാലം മാനെജർ വേല നോക്കിവരുന്ന കറുകയിൽ ഈതപ്പൻ അവർകളുടെ രസീതുമെൽ പത്രവരി പുസ്തകവില മുതലായി മാർത്തൊമ്മാസ അച്ചുകൂട്ടത്തിലെക്കും ഇടവക പത്രികക്കും കൊടുപ്പാനുള്ള വകകൾ എല്ലാവരും കൊടുത്തയക്കെണ്ടതാകുന്നു.

ഇന്ന കല്പനപ്രകാരം.
ഇ. എം. ഫീലിപ്പൊസ അസൊസിയെഷ്യൻ സിക്രട്ടറി.
കോട്ടയം ൬൮ മെടം ൨൭-

അസൊസിയെഷ്യൻ കമ്മട്ടി

കഴിഞ്ഞലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന നോട്ടീസിലെ താല്പൎയ്യം അനുസരിച്ച [illegible] ൨൦ ൹ അസൊസിയെഷ്യൻ മാനെജിങ്ങ കമ്മട്ടിയുടെ യൊഗം കോട്ടയത്തു നിശ്ചയിച്ചിരിക്കുന്നു. അന്നെദിവസം [illegible] കൂടിവരെണ്ടിയ സമാജികന്മാരുടെ സംഖ്യ തികയാഞ്ഞതിനാൽ അടുത്ത ദിവസത്തെക്ക [illegible] നിശ്ചയിക്കുകയും ഉണ്ടായി. അന്നെദിവസം [illegible] കൂടെ യൊഗം ശരിയായി ആരംഭിച്ചു. അതിൽ താഴെപ്പറയുന്ന ആളുകൾ ഹാജരുണ്ടായിരുന്നു.

പ്രസിഡെന്റ മാർ ദീവന്നാസ്യൊസ മെത്രാപ്പൊലീത്താ.

മെമ്പറന്മാർ.

൧. മാർ അത്താനാസ്യൊസ മെത്രാപ്പൊലീത്താ അവർകൾ.
൨. മാർ ഈവാനിയൊസ മെത്രാപ്പൊലീത്താ ,,
൩. മാർ ഗ്രീഗൊറിയൊസ മെത്രാപ്പൊലീത്താ ,,
൪. [illegible] ഫീലിപ്പൊസ കോറെപ്പിസ്കൊപ്പാ അവർകൾ.
൫. [illegible] ഏലിയാസ കത്തനാർ ,,
൬. മല്പാൻ വട്ടശ്ശെരിൽ ഗീവറുഗീസ ,, ,,
൭. ,, കോനാട്ട മാത്തൻ ,, ,,
൮. പൂവത്തൂർ യാക്കൊബ ,, ,,
൯. [illegible]കടത്ത അലക്സന്ത്രയൊസ ,, ,,
൰. [illegible] മാത്തു ,, ,,
൧൧. മട്ടക്കൽ അലക്സന്ത്രയൊസ ,, ,,
൧൨. [illegible] കുഞ്ഞവറാ ,,
൧൩. [illegible] മത്തായി ,,
൧൪. വക്കീൽ പി. ജെ. പുന്നൻ ,,
൧൫. ,, കണ്ടത്തിൽ ഈതപ്പൻ ,,

൧൭- പുകടിയിൽ യൌസേപ്പ ഇട്ടൂപ്പ് ,,
൧൮- ഇടവഴിക്കൽ പീലിപ്പോസ ,,
൧൯- കുന്നമ്പുത്തു കുര്യൻ ,,
൨൦- വടക്കേടത്തു ഗീവറുഗീസ ,,

ആദ്യമായി കഴിഞ്ഞ യോഗത്തിലെ നിശ്ചയങ്ങളുടെ റിപ്പോർട്ട വായിച്ചു. പള്ളികളുടെ തിരട്ടുകൾ തീർത്തു പള്ളിവക മാനേജിങ്ങ് ആറുക്കു അഞ്ചു കമ്മിട്ടിയിൽ ഹാജരാക്കണമെന്നു മുമ്പെ ചെയ്തിരുന്ന നിശ്ചയങ്ങൾ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു ഒരു പരിശോധന കഴിച്ചതിൽ തിരട്ടുകൾ ഏതാനും പള്ളിക്കാരുടെതു മാത്രം തീർന്നിട്ടുള്ളു എന്നും ആറുകണ്ടെങ്കിലും പിരിച്ചിട്ടില്ലെന്നും പ്രസ്താവിച്ചു. ഇതു വളരെ അതൃപ്തികരമായിരിക്കുന്നു എന്നു പലസമാജക്കാരും ഗൌരവമായി പറഞ്ഞശേഷം കീഴ്കട കണക്കുകൾ തീരുവാനുള്ള കുഴപ്പമൊന്നും തോന്നുന്ന തടസ്സം തീർക്കേണ്ടതാണെന്നും ൧൦൭൯-ൽ ഒടുക്കുള്ള ചെലവു കണക്കുകൾ എല്ലാ പള്ളികളിലെതും വരുന്ന യോഗത്തിനു മുമ്പു തീർക്കണമെന്നും കീഴ്കട കണക്കുകൾക്കു ഒരു കാലാവധി കൂടെ കൊടുക്കണമെന്നും നിശ്ചയിച്ചു.

അനന്തരം ഫി. പെ. പെ. ബ. പാത്രിയർക്കീസ ബാവാ തിരുമനസ്സുകൊണ്ടു കമ്മിട്ടിക്കാർക്കായി അയച്ചു ഒരു കല്പന വായിച്ചു. കമ്മിട്ടിക്കാർ മേൽ നടപടക്കും കുഴപ്പങ്ങളുടെ നിവാരണത്തിന്നും വിചാരിന്ന നിശ്ചയങ്ങൾ മുമ്പിൽ ചെയ്യുന്നതിനു വിലതാനെല്ലാം തിരുമനസ്സിലെ അനുവാദം വേണ്ടിയിരുന്നതിനാൽ അതിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടായിരുന്നു. തിരുമനസ്സുകൊണ്ടു കമ്മിട്ടിക്കാരുടെ അപേക്ഷകളും അഭിപ്രായങ്ങളെയും സമ്മതിച്ചു അയച്ചു അനുഗ്രഹകല്പനയായിരുന്നതിനാൽ കമ്മിട്ടിക്കാർക്കു സമാധാനത്തിന്റെ അധികം സന്തോഷം [illegible]യും ഉണ്ടായി. ഈ കല്പനക്കു തക്കമറുപടി അഭിനന്ദിച്ചും പല ഉപലാധികൾ വിസ്തരിച്ചു റിപ്പോർട്ടു ചെയ്യണമെന്നു കല്പനയിൽ കാണിച്ചിരുന്ന സംഗതികൾക്കു ശരിയായ റിപ്പോർട്ടു തയ്യാറാക്കി.

പിന്നീടു ൧൦൭൯-ാമാണ്ടു മുതൽ ൭൯ കർക്കടകം വരെയുള്ള സിമ്മനാരി ചിലവുകളുടെ കണക്കുകൾ കണക്കുകൾവിചാരക്കാർ പരിശോധിച്ചു റിപ്പോർട്ടു സഹിതം ഹാജരാക്കുകയും വായിക്കയും ചെയ്തു. കണക്കുകൾ വിചാരകന്മാരായി നിയമിച്ചിരുന്ന വേങ്കടത്തു ആലക്സന്ത്രയോസ കത്തനാർ അവർകളും വടക്കേടത്തു ഗീവറുഗീസ അവർകളും പരിശോധന വളരെ സൂക്ഷ്മമായും ഗൌരവമായും ചെയ്തു എന്നു അവരുടെ വിസ്തീർണ്ണമായ റിപ്പോർട്ടിനാൽ കാണുകയുണ്ടായി. കണക്കുകൾ കമ്മിട്ടി സ്വീകരിക്കയും സിമ്മനാരി വ്യവഹാരം വകക്കായി പ്രസി[illegible]കൾക്കു ഉണ്ടായിട്ടുള്ളതായി കാണുകയാൽ കാണുന്ന കടം സിമ്മനാരി വഹിക്കണമെന്നു തീർച്ചപ്പെടുത്തുകയും പള്ളികൾക്കു വരി നിശ്ചയിക്കയും ചെയ്തു. വളരെ ഗൌരവമായും മുതൽ ചുമതലയായും ഇരിക്കുന്ന ഒരു വിഷയത്തെക്കൊണ്ടു കണക്കുപരിശോധനക്കും മറ്റും കമ്മിട്ടിയുടെ സമയത്തിന്റെ അധികം വ്യയം ചെയ്യേണ്ടിവന്നു.

അനന്തരം സിമ്മനാരിയുടെ [illegible] മുതലുള്ള കണക്കുകൾ കേൾക്കുവാൻ മാലിത്ര ഏലിയാസ കത്തനാർ അവർകളെയും വേങ്കടത്തു അലക്സന്ത്രയൊസ കത്തനാർ അവർകളെയും പുകടിയിൽ യൌസെപ്പ ഇട്ടൂപ്പ അവർകളെയും തിരഞ്ഞെടുത്തു. അതുകൂടാതെ കമ്മട്ടിയുടെ ആലോചനപ്രകാരം ഈ അച്ചുക്കൂട്ടം മാനെജർ യൌസെപ്പ ഇട്ടൂപ്പ അവർകൾ മാനേജർ വേലയിൽനിന്ന ഒഴികയും ആ വക കണക്കുകൾ പരിശോധിപ്പാൻ വേങ്കടത്തു അലക്സന്ത്രയൊസ കത്തനാർ അവർകളെയും ഇടവഴിക്കൽ പീലിപ്പൊസ അവർകളെയും നിയമിക്കയും ചെയ്തു.

കമ്മട്ടിയിലെക്ക പല ഹർജികൾ വന്നിട്ടുണ്ടായിരുന്ന എല്ലാം കേട്ടു തീരുമാനിക്കുന്നതിന സമയം മതിയായിരുന്നില്ലാ. എങ്കിലും അതിൽ പ്രധാനമായവ എല്ലാം തീർച്ചപ്പെടുത്തി. അവയിൽ ചിലതു മേല്പട്ടക്കാരിൽ ചിലരുടെ തീരുമാനത്തിന്മേൽ ആയിരുന്നിട്ടും മുഖപക്ഷം നോക്കാതെ കമ്മട്ടിക്കാർ വാദിച്ചതു നോക്കുമ്പോൾ കമ്മട്ടി സ്വാതന്ത്ര്യവും ധൈര്യവും ശക്തിയും പ്രാപിച്ചുവരുന്ന എന്ന പ്രത്യക്ഷപ്പെടുന്നു.

മാർ ദീവന്നാസ്യോസ സിമ്മനാരിയുടെ ഒരു റിപ്പോർട്ടും വാർഷികപത്രവും കമ്മട്ടിയിൽ ഹാജരാക്കുകയും വായിക്കയും ഉണ്ടായി. അതിന്റെ പ്രധാന ഭാഗങ്ങൾ വേറൊരുഭാഗത്തു പ്രസിദ്ധം ചെയ്യുന്നു. ഈ സിമ്മനാരിയുടെ ഓട്ടുമേച്ചിൽ മുതലായവകളുടെ പഴയസിമ്മനാരിവകയിൽനിന്ന ൨൦൦൦ രൂപാ കൊടുപ്പാൻ കമ്മട്ടി മെമ്പ്രന്മാർ ഒരേ അഭിപ്രായപ്പെട്ടിരുന്നതിനെ ഈ സംഘത്തിൽ സ്ഥിരപ്പെടുത്തി.

പാത്രിയർക്കീസ ബാവാ തിരുമനസ്സിലെ കല്പനയിൽ ആജ്ഞാപിച്ചിരുന്നതുപോലെ വിവാഹം ചെയ്യാത്തവർക്ക പള്ളി ഭരിപ്പാനുള്ള അധികാരത്തോടുകൂടി പട്ടം കൊടുക്കുവാൻ പാടില്ലെന്നും വിവാഹം കൂടാതെ പട്ടം ഏല്ക്കുവാൻ ആഗ്രഹിക്കുന്നവർ ദയറായക്കാർ ആയിരിക്കണമെന്നും നിശ്ചയിച്ചു.

ഈ പ്രാവശ്യത്തെ ആലോചനകൾ മിക്കവാറും മുതൽവിഷയങ്ങൾ ആയിരുന്നതിനാലും അവ വളരെ വാദങ്ങളും ആലോചനകളും കഴിച്ചു തീർച്ചപ്പെടുത്തേണ്ടിവന്നതിനാലും മൂന്ന ദിവസം ഏഴ [illegible] യോഗം കൂടിയിരുന്നിട്ടും തീർച്ചപ്പെടുത്തുവാൻ വിചാരിച്ചിരുന്ന അനേകം സംഗതികൾ ആലോചിപ്പാൻ സമയമില്ലാതെ നീക്കിവെക്കേണ്ടിവന്നു.

നി. വ. ദി. ശ്രീ. മലങ്കരയുടെ മാർ ദീവന്നാസ്യോസ
മെത്രാപ്പൊലീത്താ അവർകൾ.

ഒരു ആത്മീക പിതാവിന്റെ അവസ്ഥയിൽ മാത്രമല്ലാ, ജഡപ്രകാരമുള്ള മാ[illegible]ന്മാരുടെ മേൽ മക്കൾക്കു എത്ര സ്നേഹമുണ്ടോ അത്രത്തോളമൊ അതിലും അധികമൊ സുറിയാനി സമൂഹത്താൽ സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഈ മേലദ്ധ്യക്ഷനെക്കുറിച്ച നാം അധികം പ്രസ്താവിക്കണമെന്നില്ലാ, ബാല്യത്തിൽ തന്റെ സ്വന്ത ഇടവകയിലും അനന്തരം മലങ്കര സഭ ഒട്ടുക്കും പൊതുപ്പെട്ട കാര്യങ്ങൾക്കായി മാത്രം തന്റെ ദേഹത്തെയും ദ്രവ്യത്തെയും മനസ്സിനെയും ബുദ്ധിയെയും പ്ര

യോഗിച്ചുവരുന്ന ഒരു മനുഷ്യൻ ആണെന്നു ഞങ്ങൾ പറയുന്നതായാൽ ഇതു അറിയാത്തവർ ഈ സഭയിൽ ഇല്ലാതിരിക്കുന്നസ്ഥിതിക്കു പത്രാധിപർ പറയണമൊ എന്നു നമ്മുടെ സമുദായക്കാർ ചോദിച്ചേക്കും. അതിരിക്കട്ടെ. നമ്മുടെ സഭക്കു എന്നന്നേക്കും നിലനില്ക്കുന്ന ഒരു സ്ഥിരതയും അടിസ്ഥാനവുമാകുന്ന വിധി സമ്പാദിച്ചിരിക്കുന്നതിനാൽ ഈ ദേഹം തലമുറ തലമുറകളുടെ ഓർമ്മയിൽനിന്നു വിട്ടുപോകാത്ത ഒരു മഹാനുഭാവൻ ആയിരിക്കുന്നു. അതോടുകൂടി നമ്മുടെ കുഞ്ഞുങ്ങളിൽ വിദ്യാസൂര്യന്റെ രശ്മികളെ ഉദിപ്പിക്കുവാൻ തുറക്കപ്പെട്ടിരിക്കുന്ന മാർ ദീവന്നാസ്യോസ സിമ്മനാരിയുടെ കാര്യംകൂടെ പറയുമ്പോൾ ഇദ്ദേഹത്തിന്റെ ഓർമ്മ ലോകാവസാനത്തോളം നിലനില്ക്കുമെന്നുള്ളതിനു സംശയമില്ലാ.

പ്രാചീനസുറിയാനി സമുദായത്തിൽ ആരാലും അസാദ്ധ്യമെന്നു വിചാരിക്കപ്പെടാവുന്ന ഈ സംഗതികളെ സാധിച്ചതിൽ ഈ പിതാവിനു എത്ര ബുദ്ധിമുട്ടും ഞെരുക്കവും ഉണ്ടായിട്ടുണ്ടെന്നും പറയാതെ ഊഹിക്കാവുന്നതാണ. മേൽ പ്രസ്താവിച്ച വലിയ വ്യവഹാരം, സിമ്മനാരി ഇവകൾ നിമിത്തം നമ്മുടെ തിരുമേനി ഒരു കടക്കാരന്റെ സ്ഥിതിയിൽ ഇരിക്കുന്നു എന്നുള്ള പരമാർത്ഥം അറിയാത്തവർ ഈ സഭയിൽ ഒരുവേള അനേകർ ഉണ്ടായിരിക്കാം. മൂ. ബ. പെ. ബ. പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ഈ അവസ്ഥ എങ്ങനെയൊ ഗ്രഹിച്ചു വളരെ മനസ്താപത്തോടു വ്യസനത്തോടുംകൂടെ അവിടത്തെ സഹതാപം അറിയിക്കയും ഉടനെ പരിഹാരം ഉണ്ടാക്കുവാൻ നിർബ്ബന്ധിക്കയും ചെയ്തിരിക്കുന്നു. പള്ളികളിൽനിന്നു പണമെടുത്തു ഈ വന്ദ്യമേല്പട്ടക്കാരന്റെ സകല കടങ്ങളും ഉടനെതീർക്കണമെന്നും അതിലേക്കു വിസമ്മതിക്കുന്ന പള്ളികളൊ ജനങ്ങളൊ ഉണ്ടായിരുന്നാൽ അവരെ ചുങ്കക്കാരെയും കാവ്യരെയുംപോലെ വിചാരിക്കുമെന്നും നിശ്ചയിക്കുന്ന ദ്രവ്യസഹായം ചെയ്വാൻ തടസ്സപ്പെടുന്ന പള്ളിക്കാരുടെയും ജനങ്ങളുടെയും പേർ പരിശുദ്ധ സിംഹാസനത്തിൽ അറിയിക്കണമെന്നും അവർ പരിശുദ്ധ പിതാവിന്റെ ഉഗ്രകോപത്തിനും ശാപത്തിനും പാത്രഭവിക്കുമെന്നും ഈ കല്പനയിൽ അറിയിച്ചും ഇരിക്കുന്നു. എഴുത്തുകളാലൊ കേൾവിയാലൊ മാത്രം അല്ലാതെ വർത്തമാനങ്ങൾ അറിവാൻ പാടില്ലാത്തപ്രകാരം ദൂരസ്ഥനായി പരദേശത്തിരിക്കുന്ന ഈ മഹാ വന്ദ്യപിതാവിനു നമ്മുടെ മേല്പട്ടക്കാരന്റെമേൽ ഉണ്ടായിരിക്കുന്ന കരുണാധിക്യം ഓർക്കുമ്പോൾ മലങ്കര ഇടവകയിലെ തന്റെ മക്കൾക്കു എത്ര അധികം ഉണ്ടാകുമെന്നു ഊഹിക്കാവുന്നതാണ.

അസോസിയെഷ്യൻ മാനെജിങ്ങ് കമ്മറ്റിയുടെ ഈ കഴിഞ്ഞ യോഗത്തിൽ തിരുമനസ്സിലെ കണക്കുകൾ പരിശോധിച്ചു അംഗീകരിക്കയും അവിടത്തേക്കുള്ള കടം തല്ക്കാലം സിമ്മനാരിയിൽനിന്നു വീട്ടുകയും പള്ളിക്കാരിൽനിന്നു പിരിച്ചു സിമ്മനാരിയുടെ ഈ നഷ്ടം തീർക്കയും ചെയ്യണമെന്നു നിശ്ചയിച്ചിരിക്കുന്നു.

സ്വന്ത ആവശ്യത്തിലേക്കല്ലാ സമുദായത്തെപ്രതിയുള്ള പ്രയത്നത്തിൽ ഉണ്ടായിരിക്കുന്ന ഒരു കടമാകകൊണ്ടു അതിനെ വഹിപ്പാൻ സ

മൂലായം ചുമതലകാർ ആണെന്നുള്ളതിനു സംശയം ആൎക്കും ഉണ്ടാകയില്ലാ. എന്നാൽ ഈ വിഷയത്തിലൊ വേറൊരു വിശേഷംകൂടി ഇരിക്കുന്നു. സുറിയാനി സമുദായത്തിനു പങ്കില്ലാത്തതായ ഒരു വലിയ സ്വത്തു, അതായ്തു മാർ ദിവന്നാസ്യോസ സിമ്മനാരയും സ്ഥലവും ബങ്ക്ലാവും കാഴ്ചവിലവും ഉൾപ്പെടെ ഇരുപതിനായിരം ബ്രിട്ടീഷരൂപായിൽ കുറയാതെ പൊട്ടക്കുന്നേൻ തപ്പികൊണ്ടു വില കൊടുക്കത്തക്കവണ്ണം മുതൽ പിടിപ്പുള്ള ഒരു സ്വത്തു ഈ സമുദായത്തിനു മാർ ദിവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സമ്പാദിച്ചു തന്നിരിക്കുമ്പോൾ അതിൽ പകുതിപോലുമില്ലാത്ത ഒരു കടം വഹിപ്പാൻ സമുദായത്തിനു സംശയമൊ തൎക്കമൊ ഉണ്ടാകാവുന്നതല്ലാ. യാതൊരു ധനവും ഇല്ലെങ്കിലും തിരുമനസ്സിലെ കടം വീട്ടുവാൻ സമുദായം ചുമതലപ്പെട്ടിരിക്കുമ്പോൾ സ്വത്തോടുകൂടി കിട്ടിയിരിക്കുന്ന ഈ ബാദ്ധ്യതയ്ക്കു തൎക്കമുണ്ടായിരിക്കാവുന്നതല്ലാ.

വയൊധികനായും ക്ഷീണനായും ഇരിക്കുന്ന നമ്മുടെ മേലദ്ധ്യക്ഷന്റെ ഈ ബാദ്ധ്യതയ്ക്കു ഒരു നിവൃത്തിമാൎഗ്ഗം ഉണ്ടാകുവാൻ കമ്മട്ടക്കാർ ഈ പ്രാവശ്യം വളരെ ആലൊചനകളും നടത്തി. പാത്രിയൎക്കീസ്സ ബാവാ തിരുമനസ്സിലെ കല്പനയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പള്ളിക്കാരെകൊണ്ടു വീട്ടുകുന്നതു തന്നെ ഏറ്റവും ഉചിതമായ മാൎഗ്ഗമെന്നു കമ്മട്ടിക്കാർ അഭിപ്രായപ്പെട്ടു. എന്നാൽ മലങ്കര ഒട്ടുക്കു ഒരുവരി നിശ്ചയിച്ചു മുതൽ ഉണ്ടാകുവാൻ വേണ്ടു വരുന്ന കാലദൈൎഘ്യവും താമസത്താൽ ഉള്ള ദോഷങ്ങളും ആലൊചിച്ചതിൽ തൽക്കാലം കോട്ടയത്തു സിമ്മനാരിവകയിൽനിന്നു ഈ കടം വീട്ടുകയും പാത്രിയൎക്കീസ്സ ബാവാ തിരുമനസ്സിലെ കല്പനയിൽ ആജ്ഞാപിച്ചിട്ടുള്ളതുപൊലെ പള്ളിക്കാരക്കു ഒരു വരി നിശ്ചയിച്ചു പിരിച്ചെടുത്തു സിമ്മനാരിയുടെ നഷ്ടം തീൎക്കയും ചെയ്യണമെന്നു കമ്മട്ടി തീരുമാനിച്ചിരിക്കുന്നു.

അതിനാൽ നമ്മുടെ സമുദായത്തിനു പൊതുവായി നേരിട്ടിരിക്കുന്ന ഈ കടം തീൎക്കുന്നതിനു നമ്മുടെ പള്ളിക്കാർ എല്ലാവരും അവരവരുടെ സ്വന്ത ചുമതലപൊലെ വിചാരിച്ചു പ്രവൃത്തിക്കുമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

മേല്പട്ടസ്ഥാനത്തിന്റെ പിന്തുടൎച്ച.

നമ്മുടെ സഭയിൽ മേല്പട്ടസ്ഥാനം നിലനിൎത്തുവാനുള്ള വഴികൾ അടഞ്ഞുവരുന്നതായി കാണുന്നു. പരിഷ്കാരം വൎദ്ധിച്ചുവരുന്ന കാലമായിരിക്കുന്ന സ്ഥിതിക്കു മേല്പട്ടക്കാർ കാലൊചിതന്മാരായിരിക്കണമെന്നുള്ളതിനു സംശയമില്ലല്ലൊ. ഈ കാലത്തെയും ഭാവികാലത്തെയും പരിഷ്കാരത്തോടു ഒത്തുപൊകുവാൻ മേല്പട്ടക്കാർ ഇംഗ്ലീഷ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർ ആയിരിക്കണമെന്നും തൎക്കം ഇല്ലാ. നമ്മുടെ ചുറ്റുമുള്ള അന്യസഭകൾ കാലത്തിനു തക്കവണ്ണം യോഗ്യത പ്രാപിച്ച മേല്പട്ടക്കാരെ നിയമിക്കും. നമ്മുടെ സഭയിൽ വലിയ ഇംഗ്ലീഷ പഠിപ്പുകാർ ഈ സ്ഥാനത്തിൽ വരുമെന്നു ആശിപ്പാൻതക്ക ലക്ഷ്യം ഒന്നുമില്ലെന്നു മാത്രമല്ല ഇം

ഗ്ലീഷിന്റെ ഗന്ധം ആസ്വദിച്ചവർപോലും ഉണ്ടാകുമെന്നു വിചാരിപ്പാൻ ഇപ്പോൾ കീഴ്‌നടപ്പുകൾ ഇല്ലാ. കത്തനാരന്മാർ എല്ലാം വിവാഹം ചെയ്യുവരുന്നതുകൊണ്ടു ഇംഗ്ലീഷ പഠിക്കാത്തവരായിരുന്നാലും കുറച്ചു യോഗ്യതയുള്ളവരെ കെട്ടുവാൻ പ്രയാസമായിട്ടാണു കാണുന്നതു. ഇതിനു ഇപ്പോൾതന്നെ നിവൃത്തി കുറഞ്ഞിരിക്കുന്നു. അല്ലെങ്കിൽ മേല്പട്ടം മലയാളത്തുകാരിൽ അന്യം നില്ക്കു. അപ്പോൾ പരദേശമെത്രാന്മാർ ഭരിക്കുകയെന്നുവച്ചാൽ അവരുടെ ഭാഷാഭേദവും പരിചയക്കുറവുംകൊണ്ടു കുഴപ്പങ്ങൾ നേരിടുന്നതുകൂടാതെ റോമൻപിടിക്കു വിരോധവും ആയിരിക്കും.

ഇതിലേക്കു ഒരു പരിഹാരം എന്താണെന്നാണു ആലോചിക്കേണ്ടതു. ഇംഗ്ലീഷിൽ ഉൽകൃഷ്ട വിദ്യാഭ്യാസം ചെയ്യപ്പെടുന്ന നമ്മുടെ കുട്ടികളിൽ ഒന്നോ രണ്ടോ പേരെ തിരഞ്ഞെടുക്കരുതോ എന്നു ചിലർക്കു അഭിപ്രായം ഉണ്ടു. ഇങ്ങിനെ ചെയ്യുന്നതായാൽ പല ദുർഘടങ്ങൾ നേരിടുമെന്നു തോന്നുന്നു. ഒരു ബി-എക്കാരനെയോ എം-എ-ക്കാരനെയോ ഇപ്പോൾ നിയോഗിക്കാമെന്നിരിക്കട്ടെ. അവനെ പ്രതിഷ്ഠിപ്പാൻ പ്രായം വരാത്തവനാടല്ലാ. മേല്പട്ടസ്ഥാനം ഒരുവിധം ഉടമ്പടിചെയ്തു സ്ഥിരപ്പെടുത്താത്തപക്ഷം വിവാഹം വെടിഞ്ഞും വലിയ ഉദ്യോഗങ്ങൾ കിട്ടുവാനുള്ള വഴികളെ ഉപേക്ഷിച്ചും ഇവൻ ഇരിക്കയില്ലാ. സ്കൂളിൽനിന്നു ഇറങ്ങിവരുമ്പോഴെ ഇവനു മേല്പട്ടസ്ഥാനം വാഗ്ദത്തം ചെയ്യണം. അങ്ങിനെ അതു മെത്രാനാക്കിവെക്കണം. അതുതന്നെ അവനിൽ അഹംഭാവം ജനിപ്പിക്കുന്ന ഒരു സംഗതിയായിവരും. അവനു ജനരഞ്ജന ഇല്ലാതെവരാതിരിപ്പാൻ എളുപ്പമുണ്ടാകും. പള്ളിക്കൂടത്തിൽനിന്നു ഇറങ്ങിവരുന്ന കുട്ടിസ്ഥാനത്തിനു പ്രായമാകുമ്പോൾ ജനസമ്മതവും സ്ഥാനത്തിനു യോഗ്യതയും ഉണ്ടായിരിക്കുമെന്നു എങ്ങിനെ വിധിക്കാം. സ്ഥാനത്തിനു തിരഞ്ഞെടുക്കണമെങ്കിൽ പലർ ഉണ്ടായിരിക്കണം. ഒരുത്തനെ ബാല്യത്തിൽ സ്ഥിരപ്പെടുത്തിയാൽ എങ്ങിനെ ശരിയായ തിരഞ്ഞെടുപ്പുണ്ടാകും

ഈ ദുർഘടങ്ങൾ എല്ലാം നിസ്സാരമെന്നിരിക്കട്ടെ. പരീക്ഷ ജയിച്ചുവരുന്ന കുട്ടികൾ സ്വന്ത രാജ്യവും സ്വന്ത ഭവനവുംവിട്ടു ചെറുപ്പംമുതലെ നമ്മുടെ സഭയും പള്ളികളും ഇല്ലാത്തൊരു രാജ്യത്തു വളർന്നാണു വരുന്നതു. അവർ പ്രായേണ അഭക്തന്മാരായിത്തീരുകയാണു പതിവു. ഉപവാസം യാമനമസ്കാരം മുതലായി മേല്പട്ടക്കാർക്കുള്ള ഭക്തിവിഷയങ്ങൾ ഇവരുടെ രസികത്വത്തിനു കുറച്ചു വിഷമങ്ങൾ ആയിരിക്കും. അതിൽ അവർക്കു തഴക്കം ഉണ്ടായിരിക്കയില്ലാ. രസവും ഉത്സാഹവും ഒട്ടും ഉണ്ടാകയില്ലാ. ചുരുക്കിപ്പറഞ്ഞാൽ പാശ്ചിമവിദ്യാഭ്യാസത്തിലും സ്വാതന്ത്ര്യത്തിലും മാത്രം പരിചയിച്ചു വളർന്നിരിക്കകൊണ്ടു കിഴക്കിനു ദൂരത്തിലുള്ള പാരമ്പര്യങ്ങൾ എല്ലാം ഒരുവക മൌഢ്യങ്ങളായി വിചാരിച്ചു അതിലെ നന്മയും തന്മയും ചേർത്തറിയാതെ വരും. നമ്മുടെ സഭയിൽ ചേർന്നതിനു സുറിയാനിക്കാരെത്തന്നെ നോക്കിയാൽ ദൃഷ്ടാന്തം കാണാം. റോമ്മാ സഭയിൽ ഉപവാസം മുതലായ പഴയ ക്രമങ്ങളുടെ നിഴൽ എങ്കിലും ഉണ്ടു. അ

ത്രയും അഭ്യസിച്ച ബഃ അൽവാറീസ മെത്രാപ്പോലീത്താ മുതൽപേർ സു റിയാനിക്കാരുടെ ദീർഘപ്രാർത്ഥനകളും അററവും അറുതിയും ഇല്ലാത്ത ക്രമങ്ങളും കഠിന നോമ്പുകളും ആചരിപ്പാൻ പ്രാപ്തരാകുന്നില്ലന്നു മാത്രമല്ലാ ഇതു അവക്ക് ഒരുവിധത്തിൽ വെറുപ്പുപൊലെയും ഇരിക്കുന്നു. പ്രാചീന സഭാ നടപടികളുടെ നിഴൽ എങ്കിലും ഏറാറവരായ ഇവക്ക് നമ്മുടെ നടപടി ദുസ്സഹമാണെങ്കിൽ ആ നിഴൽ പോലും അടിക്കാതെ സ്വാതന്ത്ര്യത്തിൽ വളരുകയും അഭ്യസിക്കയും ചെയ്യു ഒരു സ്ക്രൂൾകുട്ടി എത്രത്തോളം സഭാ നിയമങ്ങൾക്കു കീഴ്പ്പെട്ടിരിക്കുമെന്ന നമുക്കു ഊഹിക്കാവുന്നതാണ. ഇങ്ങനെയുള്ളവർ മെത്രാന്മാരാകുന്നകാലത്തു മതവിരോധം പണ്ടത്തേതിന്റെ പിന്നത്തെത്തു ആയിരക്കുമെന്ന പറവാൻ സംശയമില്ലാ. പ്രായെണ വലിയ പഠിത്വക്കാരിൽ ഒരുവക നാസ്തിക വിശ്വാസം പ്രവെശിക്കാറുണ്ട. ലോകാമുഴുവൻ ഒരുവിധത്തിൽ വിശ്വസിച്ചിരിക്കുന്നതുകൊണ്ട അവർ ഹൃദയത്തിലെ അഭിപ്രായങ്ങൾ മുഴുവൻ വെളിക്കു കാണിക്കയില്ലായിരിക്കാം. ഹൃദയത്തിൽ പൂൎണ്ണ ഭക്തയും വിശ്വാസവും ഉണ്ടാകുവാൻ കുറച്ചു പ്രയാസം ഉണ്ടാകുമെന്നാണ എനിക്കു തൊന്നുന്നതു. അതിനാൽ മൊത്തമായിപ്പറഞ്ഞാൽ ഇപ്പൊൾ പഠിച്ചുവരുന്ന വിദ്വാന്മാരിൽ ഒന്നൊ രണ്ടൊ പേരെ മേല്പട്ടത്വത്തിനു തിരഞ്ഞെടുക്കുന്നതു അത്ര നന്നായിരിക്കയില്ലാ. എന്നുവച്ചു നമ്മുടെ പഴയ മൂപ്പച്ചന്മാരുടെ മട്ടിൽ ഇരിക്കുന്നവരെ ഒട്ടും കൊള്ളുകയില്ലതാനും.

അതിനാൽ മേല്പട്ടസ്ഥാനത്തിനു തിരഞ്ഞെടുക്കപ്പെടുന്നവൻ ൧. മറ്റു നന്നായി ഇംഗ്ലീഷ വിദ്യാഭ്യാസം ചെയ്യപ്പെട്ടവൻ ആയിരിക്കണം. ൨. സുറിയാനി പള്ളിചട്ടങ്ങളിലും ഭക്തവിഷയങ്ങളിലും ചെറുപ്പത്തിലെ അഭ്യസിച്ചും തഴങ്ങിയും ആചരിച്ചും പരിചയിച്ചവൻ ആയിരിക്കണം. ൩. വിവാഹം ഉപെക്ഷിച്ചവൻ ആയിരിക്കണം. ൪. ഈ ലക്ഷണങ്ങൾ എല്ലാം ഒത്ത പലരിൽനിന്നു തെരഞ്ഞെടുക്കപ്പെടണം.

ഈ ലക്ഷണങ്ങൾ ഒത്ത ആളുകൾ ഉണ്ടാകാനുള്ള മാൎഗ്ഗമാണ ഇനി പറയെണ്ടതു. അതിനു സന്ന്യാസികളുടെ ഒരു സംഘം ഉണ്ടാകണം. ദയറായുസായുടെ കഠിന ചട്ടങ്ങളിൽ ഉൾപ്പെടുത്താതെ വേഷത്തിലും വൃത്തത്തിലും ലഘുതരമായ ചില പ്രമാണങ്ങളോടുകൂടി ഒരുതരം ദയറായക്കാർ ഉണ്ടാകണം. പഴയ സെമ്മനാരി തന്നെ ഒരു ദയറായായിരിക്കട്ടെ. വിവാഹം ചെയ്യാത്തവരും ഭാൎയ്യ മരിച്ചവരുമായ പട്ടക്കാർ ഈ ദയറായിൽ ചെന്ന മേല്പറഞ്ഞ സംഘത്തിൽ ചേരുവാൻ നിബ്ബന്ധിക്കണം. യോഗ്യനായ ഒരാൾ ഈ ദയറായുടെ പ്രിയൊരു (റീശ്ദയറായാ) ആയിരിക്കയും മറ്റുള്ളവർ അദ്ദേഹത്തിന്റെ കീഴിൽ ഇരിക്കയും വേണം. വിവാഹം ചെയ്യാത്ത പട്ടക്കാർ പള്ളി ഭരിക്കരുതെന്നുള്ള ചട്ടം ഉറപ്പിക്കപ്പെടുത്തിയാൽ ഈ സംഘത്തിൽ ചേരുവാൻ ആളുണ്ടാകും. അവർ ചേരുമ്പൊൾ അവരിൽതന്നെ മേല്പട്ടത്തിനു കൊള്ളാവുന്നവർ ഉണ്ടാകുമെന്നല്ല പറയുന്നതു. അങ്ങിനെ ഒരു സംഘം ആദ്യമായി ഉണ്ടാകട്ടെ. ശെമ്മാശന്മാർ ബാല്യത്തിലെ വിവാഹം ചെയ്യാൻ അനുവദിക്കരുതു. കത്തനാർ പട്ടത്തോടു ഒട്ടു സമീപിക്കുമ്പോൾ വിവാഹം ചെയ്യാൻമതി എ